പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 439 06.02.2013 -ലെ മറുപടി

ഡീസലിന് സബ്സിഡി

ചോദ്യം

പ്രൊഫ. സി. രവീന്ദ്രനാഥ്

ഉത്തരം

ശ്രീ. ആര്യാടൻ മുഹമ്മദ്
(ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | ഡീസൽ വില വർദ്ധിപ്പിച്ചതുമൂലം ദിവസേന കെ.എസ്.ആർ.ടി.സി. എത്ര ഷെഡ്യൂളുകളാണ് റദ്ദാക്കിയിട്ടുള്ളത് എന്ന് അറിയിക്കുമോ ; | (എ) യും (ബി) യും | ഡീസൽ വില വർദ്ധനവിന്റെ അടിസ്ഥാനത്തിൽ കെ.എസ്.ആർ.ടി.സി. സർവ്വീസുകൾ റദ്ദാക്കിയിട്ടില്ല. |
| (ബി) | ഇതുമൂലം കെ.എസ്.ആർ.ടി.സി. യ്ക്ക് ദിവസേന എത്ര രൂപയാണ് നഷ്ടം സംഭവിച്ചിട്ടുള്ളത് ; വിശദമാക്കുമോ ; | | |
| (സി) | ഡീസലിന് സബ്സിഡി ലഭിക്കുന്നതിനുവേണ്ടി കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ടോയെന്നു അറിയിക്കുമോ ; | (സി) | കെ.എസ്.ആർ.ടി.സി. യേയും മറ്റ് പൊതുമേഖലാ സ്ഥാപനങ്ങളേയും ഡീസൽ വില വർദ്ധനവിൽ നിന്ന് ഒഴിവാക്കണമെന്നാവശ്യപ്പെട്ട് ബഹു. പ്രധാനമന്ത്രിക്കും ബഹു. പെട്രോളിയം പ്രകൃതിവാതക വകുപ്പ് മന്ത്രിക്കും ബഹു. മുഖ്യമന്ത്രി 19.01.2013 -ൽ നിവേദനം നൽകിയിട്ടുണ്ട്. |
| (ഡി) | ഡീസലിന് സബ്സിഡി നൽകി മുടങ്ങിയ ഷെഡ്യൂളുകൾ പുനരാരംഭിക്കാൻ നടപടി സ്വീകരിക്കുമോയെന്നു വ്യക്തമാക്കുമോ? | (ഡി) | ഇക്കാരണത്താൽ ഷെഡ്യൂളുകൾ മുടക്കിയിട്ടില്ല. നിലവിലെ പ്രതിസന്ധി മറികടക്കുന്നതിലേയ്ക്കായി സർക്കാർ 28 കോടി രൂപയുടെ ധനസഹായം കെ.എസ്.ആർ.ടി.സി.ക്ക് അനുവദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ